III ഇ.ബി. XII-കേരള നിയമസഭ/IV-9

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 14, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*181, *182 & *183) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിരപ്രമേയ നോട്ടീസ്

മദ്യനയത്തിൽ ഗവൺമെന്റ് കാതലായ മാറ്റം വരുത്തിയിരിക്കുകയാണെന്നും സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഇത്തരമൊരു നയംമാറ്റം സഭയിൽ ചർച്ചചെയ്ത് സഭയുടെ അനുമതിയോടെ ചെയ്യേണ്ടതാണെന്നും ഇക്കാര്യം ചർച്ചചെയ്യാൻ അവസരം കിട്ടാത്തതുകൊണ്ടാണ് റൂൾ 50 അനുസരിച്ച് അടിയന്തിര പ്രമേയാവതരണത്തിന് നോട്ടീസ് നൽകിയിട്ടുള്ളതെന്നും അത് അനുവദിക്കണമെന്നും പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉന്നയിക്കുകയും വിഷയത്തിന്റെ പ്രാധാന്യം

മനസ്സിലാക്കി ആദ്യത്തെ സബ്മിഷനായി അത് എടുക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും ചെയ്തു. തുടർന്ന് ഗവൺമെന്റിന്റെ അഭിപ്രായംകൂടി സഭയെ അറിയിക്കണമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി ആവശ്യപ്പെടുകയുണ്ടായി.

ബഡ്ജറ്റിന്മേലുള്ള ചർച്ചയാണ് സഭയിൽ നടക്കുന്നതെന്നും അതിൽ നയപരമായ കാര്യങ്ങൾ സംബന്ധിച്ച ചർച്ചയ്ക്ക് അവസരമുണ്ടെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു. തുടർന്ന് ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.

## III ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ പൊതുമേഖലയിൽ കേന്ദ്രനിക്ഷേപം ആകർഷി ക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി.പി. കുഞ്ഞുണ്ണി വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നത് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി.ഡി. സതീശൻ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV സബ്മിഷൻ

(1) കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) ആറ്റിങ്ങലിലെ നാളികേര കോംപ്ളക്സ് പൂട്ടിക്കിടക്കുന്നതു സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(3) വൈദ്യുതി ഉൽപാദനം സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി.ചെന്താമരാക്ഷൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) ലൈബ്രറി കൗൺസിൽ നൽകുന്ന ഗ്രാന്റ് ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ശ്രീ. വി.ഡി.സതീശൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി

(6) ശ്രീകൃഷ്ണപുരം ശുദ്ധജല പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.എസ്. സലീഖ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(7) മീനച്ചിലാർ നദീതട പദ്ധതി സംബന്ധിച്ച് സർവ്വശ്രീ പി.സി. ജോർജ്, കെ.എം. മാണി എന്നിവർ ഉന്നയിച്ച സബ്മിഷന് ജലസേചന വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി നൽകി.

(സർവ്വശ്രീ വി.എൻ. വാസവൻ, മോൻസ് ജോസഫ് എന്നിവരും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

(8) മുനിസിപ്പൽ/കോർപ്പറേഷൻ കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.എം.മുരളി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി മറുപടി നൽകി

(9) കൂത്തുപറമ്പിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിൽ 25 കുട്ടികൾക്ക് ഭക്ഷ്യവിഷബാധയേറ്റത് സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) അരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച് ശ്രീ.എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(11) മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) മഞ്ചേരിയിലെ ഊർങ്ങാട്ടിരി വെറ്റിലപ്പാറയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പ് മാറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി.കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(13) കുന്നത്തുനാട് പഞ്ചായത്തിലെ നാത്തേക്കാട്ട് സുലൈഖ എന്ന വീട്ടമ്മയുടെ കൊലപാതകം സംബന്ധിച്ച് ശ്രീ. എം.എം. മോനായി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) ഏറ്റുമാനൂരിലെ കെ.എസ്.ആർ.ടി.സി ബസ്സ്സ്റ്റേഷൻ ഓപ്പറേറ്റിംഗ് സ്റ്റേഷനായി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(15) കടൽ–കായൽ തീരങ്ങൾ റിസോർട്ട് ഉടമകളും മറ്റും കയ്യടക്കുന്നത് സംബന്ധിച്ച് ശ്രീ. പി. തിലോത്തമൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗകരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII ക്രമപ്രശ്നം

ഗവർണ്ണറുടെ അംഗീകാരത്തോടെ നിയമസഭ പാസ്സാക്കിയ ബഡ്ജറ്റ് തുക 16–8–06–ലെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ വക മാറ്റിയത് നിയമസഭാ നടപടിച്ചട്ടങ്ങൾക്കും ബഡ്ജറ്റ് മാനുവലിനും ഭരണഘടനാവ്യവസ്ഥകൾക്കും എതിരാണെന്നും ഇതിന്റെ കാരണം വിശദമാക്കണമെന്നും ശ്രീ. ജി. കാർത്തികേയൻ ഒരു ക്രമപ്രശ്നംവഴി ഉന്നയിക്കുകയുണ്ടായി.

നിയമസഭ പാസ്സാക്കിയ 2006–07–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ മരാമത്ത് പണികൾക്ക് വകയിരുത്തിയ വിഹിതവും അനുബന്ധം 2–ൽ ഉൾക്കൊള്ളിച്ച വിഹിതവും തമ്മിൽ പൊരുത്തപ്പെടാത്ത അവസ്ഥയുണ്ടായിയെന്നും നിയമസഭ പാസ്സാക്കിയ വിഹിതത്തിൽ കവിഞ്ഞ ചെലവ് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാനായി വർക്ക്സ് ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലുള്ള ചെലവുകൾ ധനാഭ്യർത്ഥനകളിലെയും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെയും വിഹിതത്തിൽ പരിമിതപ്പെടുത്തുന്ന നിർദ്ദേശങ്ങൾ പൊതുമരാമത്തു വകുപ്പ് ചീഫ് എഞ്ചിനീയർക്കും മറ്റു ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകിക്കൊണ്ട് 16–8–06–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ഇപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചില്ലായിരുന്നുവെങ്കിൽ മേൽപ്പറഞ്ഞ ശീർഷകത്തിൽ നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയ വിഹിതത്തിൽ കവിഞ്ഞുള്ള ചെലവിന് സാധ്യതയുണ്ടാകുമായിരുന്നുവെന്നും ഭരണഘടനാ സാധുതയുള്ളതും നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയതുമായ ധനാഭ്യർത്ഥനകളും വിശദമായ ബ്ഡജ്റ്റ് എസ്റ്റിമേറ്റുകളും എന്ന ബഡ്ജറ്റ് രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഹിതത്തിൽ എന്തെങ്കിലും ഭേദഗതി ഈ ഉത്തരവിലൂടെ നടത്തിയിട്ടില്ലെന്നും ധനാഭ്യർഥനകളും വിശദമായ ബഡ്ജറ്റ്

എസ്റ്റിമേറ്റുകളും അനുബന്ധം 2 വർക്ക്സ് ബഡ്ജറ്റും ഭരണഘടനാ സാധുതയുള്ള ബഡ്ജറ്റ് രേഖയല്ലെന്നും നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയ പരിധിക്കകത്തുനിന്നുകൊണ്ട് ബഡ്ജറ്റ് വിഹിതങ്ങളിൽ ഭേദഗതി വരുത്തുന്നതിന് കേരള ബഡ്ജറ്റ് മാനുവലിൽ എട്ടാം അധ്യായത്തിൽ ധനകാര്യ വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നും ഈ അധികാരം വിനിയോഗിച്ചുകൊണ്ട് ഗ്രാന്റുകളിലുള്ള വിഹിതങ്ങൾ പുനഃക്രമീകരിച്ചു കൊണ്ടും ആവശ്യത്തിൽ കവിഞ്ഞുള്ള തുക പിൻവലിച്ചുകൊണ്ടും ധനകാര്യവകുപ്പ് ഉത്തരവുകൾ എല്ലാ വർഷവും പുറപ്പെടുവിക്കാറുണ്ടെന്നും ഇത്തരത്തിലുള്ള ഒരു നടപടി മാത്രമേ ഈ വിഷയത്തിൽ ചെയ്തി ട്ടുള്ളുവെന്നും ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അറിയിച്ചു.

ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഇതിൽ ക്രമപ്രശ്നം ഉള്ളതായി കാണുന്നില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയുണ്ടായി.

## VIII ധനകാര്യം

### 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ പി. ജയരാജൻ, ബി. ബാബു പ്രസാദ്, എൻ. അനിരുദ്ധൻ, എം. ഉമ്മർ, കെ.പി. മോഹനൻ, പി.ജെ. ജോസഫ്, പി.സി. ജോർജ്, സാജുപോൾ, മഞ്ഞളാംകുഴി അലി, റോഷി അഗസ്റ്റിൻ, എ.സി. മൊയ്തീൻ, ഉമ്മൻ ചാണ്ടി എന്നിവർ സംസാരിക്കുകയും ധനകാര്യവകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു.

ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസൃതമായ അന്തിമ സാമ്പത്തിക സ്ഥിതി സഭയിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.

**IX പ്രമേയം**

2007–08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് കൃത്യനിർവ്വഹണ ത്തിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236(2)ചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെൻഡ് ചെയ്യുന്നതിന് തീരുമാനിക്കുന്നുവെന്ന പ്രമേയം നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും സഭ അത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

2007 മാർച്ച് 15–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.40 –ന് പിരിഞ്ഞു.

......................